Draft #1 of File Ac AIV/1/ 20864/ B.Tech Year Out/2019 Approved by ASSISTANT REGISTRAR II ACADEMIC on 18-Jun-2019 03:21 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

വ്യത്യസ്ത കോടതിവിധികളുടെ അടിസ്ഥാനത്തിൽ ഇടുക്കി ഗവൺമെൻറ് എൻജിനീയറിങ് കോളേജിൽ പുനഃ പ്രവേശനം നേടിയ ബി.ടെക് വിദ്യാർത്ഥികളുടെ തുടർപഠനം - കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ തീരുമാനം -സർവ്വകലാശാലയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ച് ഉത്തരവാകുന്നു.

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 2714/AC A 4/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.06.2019

---

പരാമർശം:-1 ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 4.4.2019ലെ സർക്കുലർ നമ്പർ : HEDN-G1 / 176 / 2019 HEDN.

2 ) 31 .05 .19 ലെ സിൻഡിക്കേറ്റ് യോഗ തീരുമാനം മിനിറ്റ്സ് ഇനം നം : 36 / 19.04 / 190165 (ഒ.എ 12) .

**ഉത്തരവ്**

സർവകലാശാലയുടെ അഫിലിയേഷനിലുണ്ടായിരുന്ന എഞ്ചിനീയറിംഗ് കോളജുകളിൽ ബി.ടെക്. കോഴ്സ് പഠനം തുടരവേ ആറാം സെമെസ്റ്ററിൽ പഠനം മുടങ്ങുകയും ഇയർ ഔട്ടാവുകയും തുടർന്ന് വ്യത്യസ്ത കോടതിവിധിയുടെ അടിസ്ഥാനത്തിൽ പുനഃപ്രവേശനം നേടിയതുമായ സർവ്വശ്രീ.ജസീം എം ഇ, കെ.ജെ മുഹമ്മദ് ഹാഷിം, സന്ദീപ് പുളിക്കൽകണ്ടി, രാഹുൽ രാജ് എന്നി വിദ്യാർത്ഥികളുടെ തുടർ പഠനം സംബന്ധിച്ച്,പരാമർശം(1) പ്രകാരം ഗവൺമെൻറ് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 18.03.2019 ൽ വിളിച്ചുചേർത്ത യോഗത്തിൽ ഇടുക്കി ഗവൺമെൻറ് എൻജിനീയറിങ് കോളേജിൽ അഡിഷണൽ ബാച്ചുകൾ ആരംഭിക്കുന്നതിനും ആയതിലേക്കുള്ള ഫീസ് ടി വിദ്യാർഥികളിൽനിന്നും ഈടാക്കുന്നതിനും മഹാത്മാഗാന്ധി സർവ്വകലാശാലാ ടി വിദ്യാർത്ഥികൾക്കായി യഥാസമയം പരീക്ഷകൾ( ഒന്നു മുതൽ അഞ്ചു വരെ സെമസ്റ്ററുകളിലെ സപ്ലിമെന്ററി പരീക്ഷകൾ ഉൾപ്പടെയുള്ളവ) നടത്തി കോഴ്സ് പൂർത്തീകരണത്തിനുള്ള അവസരം ഒരുക്കുന്നതിനും തീരുമാനിയ്ക്കുകയുണ്ടായി.

ഇടുക്കി ഗവണ്മെന്റ് എൻജിനീറിംഗ് കോളജിൽ പുനഃപ്രവേശനം നേടിയ ബി.ടെക്. വിദ്യാർത്ഥികളുടെ തുടർപഠനം സംബന്ധിച്ച കേരള സർക്കാർ ഹയർ എജ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്നുമുള്ള സർക്കുലർ നമ്പർ HEDN-G1/176/2019/HEDN/Dated04.04.2019 യൂണിവേഴ്സിറ്റിയിൽ നടപ്പാക്കുവാൻ 31.05.19 ലെ സിൻഡിക്കേറ്റ് യോഗം സൂചന (2) പ്രകാരം തീരുമാനിച്ചു

തദനുസരണം ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

രമേഷ് നാരായൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2
(അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 . വൈസ് ചാൻസിലർ / പ്രൊ വൈസ് ചാൻസിലറുടെ പി .എസ് മാർ
2 . രജിസ്ട്രാർ / പരീക്ഷാ കൺട്രോളറുടെ പി.എ മാർ
3 . പ്രിൻസിപ്പാൾ ,ഗവ. എൻജിനീയറിങ് കോളേജ്,ഇടുക്കി
4 . ഏ ആർ ,ഡി.ആർ ,ജെ ആർ (അക്കാദമിക് /പരീക്ഷ
5 . ഇ.ഐ IV / എ സി സി I , കണ്ടെന്റ് മാനേജ്മെന്റ് വിഭാഗം
6 . റെക്കോർഡ് സെക്ഷൻ ,ഫയൽ കോപ്പി ,സ്റ്റോക്ക് ഫയൽ .

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം



Digitally signed by REMESH NARAYAN
Date: 2019.06.18 15:55:27 IST